കേരള സർക്കാർ
പട്ടികജാതി വികസന വകുപ്പ്
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി
ഗ്രൗണ്ട് ഫ്ളോർ, അംബേദ്ക്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല,തിരുവനന്തപുരം-695015.

ഫോൺ നമ്പർ- 0471 2533272

വെബ്സൈറ്റ് **www.icsets.org** ഇ-മെയിൽ **icsets@gmail.com**

---

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം- ലക്ഷ്യ സ്കോളർഷിപ്പ്-2020-21 അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിലേയ്ക്കായി പട്ടികജാതി വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ലക്ഷ്യ സ്കോളർഷിപ്പ്-2020-21 ലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാല ബിരുദമാണ് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. നിലവിൽ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. ഇവർ കൂടികാഴ്ചയിൽ പങ്കെടുക്കുന്ന സമയത്ത് യോഗ്യത തെളിയി,ക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രായപരിധി 01.08.2020 ൽ 20-36 വയസ്സ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി നടത്തുന്ന പ്രവേശന പരീക്ഷ യുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. 2020-21 വർഷത്തിൽ 30 പേർക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കുന്നത്. അഞ്ച് സീറ്റ് പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. സ്കോളർഷിപ്പ് ലഭി ക്കുന്നവർക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സിവിൽ സർവീസ് പരീക്ഷാ പരിശീലന സ്ഥാപ നങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ചെലവുകൾക്ക് വിധേയമായി ലഭിക്കുന്നു. ഇത് സംബന്ധിച്ച സർക്കാർ ഉത്തര വിലെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. ഐ.സി.എസ്.ഇ.റ്റി. എസ്. പ്രിൻസിപ്പലിന്റെ പരിശോധനയുടെയും പഠന പുരോഗതി സംബന്ധിച്ച വിലയിരുത്തലുക ളുടെയും അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുന്നത്.

| | | |
|---|---|---|
| കോഴ്സ് ഫീ | : | പരമാവധി ഒരു ലക്ഷം രൂപ വരെ |
| ഹോസ്റ്റൽ ഫീ, സ്റ്റൈപന്റ് | : | പ്രതിമാസം 5000+ 1000 (പരമാവധി പത്ത് മാസം വരെ) |
| ടെസ്റ്റ് സീരീസ്, മെയിൻസ് എഴുത്തു പരീക്ഷാ പരിശീലനം | : | 10,000 രൂപ വീതം |
| ബുക്ക് കിറ്റ് അലവൻസ് | : | 5,000 രൂപ |

സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷാ സിലബസ് അടിസ്ഥാനമാക്കിയാണ് പ്രവേശന പരീക്ഷ നടത്തുന്നത്. ഒബ്ജക്ടീവ് മാതൃകയിൽ 100 മാർക്കിന്റെ 90 മിനിട്ട് ദൈർഘ്യമുള്ള പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് ബാധകമായിരിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രീ–എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. കോവിഡ് രോഗവ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായിട്ടായിരിക്കും പ്രവേശന പരീക്ഷയുടെ നടത്തിപ്പ്.

ഐ.സി.എസ്.ഇ.റ്റി.എസ്.ന്റെ വെബ്സൈറ്റായ **www.icsets.org** മുഖേന ഓൺലൈനായി മാത്രം അപേക്ഷിക്കാവുന്നതാണ്.

അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി : 15.08.2020 വൈകുന്നേരം **5** മണി.

പൂർണ്ണമല്ലാത്തതോ അനുബന്ധ രേഖകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യാത്തതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിലവിൽ ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി മുഖേന പരിശീലനം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.

പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും അഭിമുഖത്തിന് തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള അറിയിപ്പും അപേക്ഷയിൽ രേഖപ്പെടുത്തിയ ഇ–മെയിൽ വിലാസത്തിൽ അയയ്ക്കുന്നതാണ്. ഇത് സംബന്ധിച്ച മറ്റു തരത്തിലുള്ള അറിയിപ്പ് ലഭ്യമാക്കുന്നതല്ല. പ്രവേശന പരീക്ഷയും തുടർന്നുള്ള അഭിമുഖവും സംബന്ധിച്ചുള്ള അറിയിപ്പുകൾക്ക് വെബ്സൈറ്റ് പരിശോധിക്കേണ്ടതാണ്.

പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ചുവടെ കൊടുത്തിട്ടുള്ള ഫോൺ നമ്പരിലോ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുകയോ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**0471-2533272 /www.icsets.org/icsets@gmail.com**

മണ്ണന്തല
14.07.2020

പ്രിൻസിപ്പൽ
PRINCIPAL
Institute for Civil Services
Examination Training Society
SC/ST Govt. of Kerala